ഡോ. ജോഷ്വാ മുറാവ്ചിക് ഡോ. അസാം അൽ ഇർയാൻ

# ഒരു ഇസ്‌ലാമിസ്റ്റ്– നിയോകോൺ സംവാദം

**അമേരിക്കയിലെ നവയാഥാസ്ഥിതിക ചിന്തയുടെ സുപ്രധാന കേന്ദ്രങ്ങളിലൊന്നായ അമേരിക്കൻ എന്റർപ്രൈസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് പോളിസി റിസർച്ചിലെ ഗവേഷകനും മുസ്‌ലിംലോകത്തോടുള്ള അമേരിക്കൻ നയങ്ങൾ ആവിഷ്കരിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നവരിൽ ഒരാളുമാണ് ഡോ. ജോഷ്വാ മുറാവ്ചിക്. ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ മുൻ പാർലമെന്റ് അംഗവും ഇഖ്‌വാന്റെ ഡോക്ടർമാരുടെ സംഘടനയായ ഈജിപ്ഷ്യൻ മെഡിക്കൽ സിൻഡിക്കേറ്റിന്റെ ട്രഷററുമാണ് ഡോ. അസാം അൽ ഇർയാൻ. നിലപാടുകളിൽ വ്യത്യസ്ത ധ്രുവങ്ങളിൽ നിൽക്കുന്ന ഇവർ *ഇഖ്‌വാൻ ഓൺലൈൻ* സന്ദർശകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നു.**

▶ *ചരിത്രത്തെയും ഇസ്‌ലാമികലോകത്തെ പുതിയ പ്രവണതകളെയും പാശ്ചാത്യ സമൂഹങ്ങളുമായി ബന്ധപ്പെടുത്തി പഠിച്ചുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാൻ. മതത്തെയും രാഷ്ട്രത്തെയും വേർപെടുത്താൻ പാശ്ചാത്യർക്ക് എളുപ്പം സാധിക്കും. ഇസ്‌ലാമിലാകട്ടെ അങ്ങനെയൊരു വേർപെടുത്തലിന് യാതൊരു സാധ്യതയുമില്ല. മതം അവിടെ ജീവിതത്തിന്റെ അവിഭാജ്യമായ ഒന്നാണ്. പിന്നെയൊരു കാര്യം സൂചിപ്പിക്കാനുള്ളത്, പാശ്ചാത്യരും മുസ്‌ലിംകളും തമ്മിലുള്ള പ്രശ്നങ്ങളെക്കുറിച്ചാണ്. നൂറ്റാണ്ടുകൾക്കും മുമ്പ് കുരിശുയുദ്ധങ്ങൾ മുതൽതന്നെ ഈ അകൽച്ചക്ക് തുടക്കം കുറിച്ചില്ലേ?*

**ഡോ. ജോഷ്വാ മുറാവ്ചിക്**

മുസ്‌ലിം മതമീമാംസയിലേക്ക് കടക്കാൻ ഞാൻ ധൈര്യപ്പെടുന്നില്ല. ഒരു കാര്യം ശരിയാണ്: ഇസ്‌ലാം-ജൂത മതങ്ങൾ പോലെ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും നിയന്ത്രിക്കുന്ന ഒരു മതമല്ല ക്രൈസ്തവത. ക്രിസ്തുമതത്തിൽ ചർച്ചിനെയും സ്റ്റേറ്റിനെയും വേർതിരിക്കാൻ എളുപ്പമാണ്. യേശുതന്നെ അക്കാര്യം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. മറ്റു രണ്ടു മതങ്ങളുടെയും ആളുകൾ ഈ രീതി പിന്തുടരാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ജീവിതത്തെക്കുറിച്ചുള്ള സുപ്രധാനവും അഗാധവുമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയാണ് മതം. പക്ഷേ രാഷ്ട്രീയ പ്രശ്നങ്ങൾക്ക് -ദേശീയ ബജറ്റ് എങ്ങനെയായിരിക്കണം, നികുതി നിരക്ക് എത്രയൊക്കെ ഇത്യാദി- അത് ഉത്തരങ്ങൾ നൽകുന്നില്ല.

**ഡോ. അസാം അൽ ഇർയാൻ**

മത-രാഷ്ട്ര വിഭജനത്തെ അതിന്റെ ചരിത്രപശ്ചാത്തലത്തിൽ കാണണമെന്നാണ് എന്റെ അഭിപ്രായം. മതത്തെയും രാഷ്ട്രത്തെയും വേർതിരിക്കുകയല്ലാതെ നിവൃത്തിയില്ല എന്നൊരു ചരിത്രസന്ദർഭത്തിലൂടെയാണ് പാശ്ചാത്യർ കടന്നുപോന്നത്. മുസ്‌ലിംലോകത്തെ ചരിത്രപശ്ചാത്തലം തീർത്തും വ്യത്യസ്തമാണ്. മുസ്‌ലിംകൾ ഏതെങ്കിലും വ്യക്തികളെ വിശുദ്ധരായി കാണുകയോ ആശയങ്ങൾക്കും സംവിധാനങ്ങൾക്കും വിശുദ്ധി കൽപിച്ചുനൽകുകയോ ചെയ്യുന്നില്ല. അന്വേഷണ(ഇജ്തിഹാദ്)ത്തിന്റെയും പരിഷ്കരണ(തജ്ദീദ്)ത്തിന്റെയും മെക്കാനിസം അവരുടെ കൈവശമുണ്ട്.

കുരിശുയുദ്ധങ്ങൾ, മുസ്‌ലിംലോകത്തെ കീഴ്പ്പെടുത്താനുള്ള പാശ്ചാത്യ പടയോട്ടങ്ങൾ എന്നിവ കാരണമായി ഇരുവിഭാഗവും തമ്മിലുള്ള ബന്ധങ്ങൾ കലുഷമാണ്. പരസ്പരം അംഗീകരിക്കാനും ആദരിക്കാനും തയാറാവുമ്പോൾ മാത്രമേ സമാധാനം പുലരുന്ന ഒരു ലോകം പ്രതീക്ഷിക്കാനാവൂ.

▶ *ഫലസ്തീനിലെ ജനവിധി അമേരിക്ക അംഗീകരിക്കാത്തത് എന്തുകൊണ്ട്?*

**ഡോ. അസാം അൽ ഇർയാൻ**

അമേരിക്കയുടെ ഇരട്ടത്താപ്പു നയത്തിന് ഒരു തെളിവാണിത്. ഫലസ്തീനിയൻ ജനതക്ക് നേരെ അമേരിക്ക സമ്മർദ തന്ത്രങ്ങൾ പ്രയോഗിക്കുന്നത് നിർത്തണം. ഫലസ്തീനിയൻ ഭരണകൂടത്തെ പുറത്താക്കാൻ അവർ കണ്ടെത്തിയ വഴി ഭീതി ജനിപ്പിക്കുന്നു. അമേരിക്ക ഉദ്ദേശിക്കുന്ന ജനാധിപത്യം എന്താണെന്ന് ഇവിടെ നല്ലപോലെ വെളിപ്പെടുന്നുണ്ട്: അമേരിക്കക്കും ഇസ്രയേലിനും മാത്രം പ്രയോജനപ്പെടുന്ന 'ജനാധിപത്യ'മേ അവർക്ക് ആവശ്യമുള്ളൂ. ഇതൊരു അമേരിക്കൻ കാപട്യമാണ്.

ഫലസ്തീനിയൻ ജനത കൂടുതൽ കരുത്തുള്ള ഒരു ആയുധം കണ്ടെത്തിയിരിക്കുന്നു. തങ്ങൾക്ക് ആവശ്യമുള്ളവരെ വോട്ടിംഗിലൂടെ തെരഞ്ഞെടുക്കുന്ന രീതിയാണത്. ആയുധങ്ങളേക്കാളും പോർവിമാനങ്ങളേക്കാളും ശക്തമാണ് വോട്ടിംഗ്.

**ഡോ. ജോഷ്വാ മുറാവ്ചിക്**

ലോകത്ത് എവിടെയുമുള്ള ഏതു ജനതക്കും അവരുടെ ഭരണകൂടത്തെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട് എന്ന് കരുതുന്ന ആളാണ് ഞാൻ. ആ ഭരണകൂടവുമായി എനിക്ക് എന്തൊക്കെ വിയോജിപ്പുകൾ ഉണ്ടെങ്കിലും. ഞാൻ പൂർണമായി ഹമാസിന് എതിരാണ്. സമാധാനം ആഗ്രഹിക്കാത്ത ഒരു ഭീകര സംഘടനയായേ ഞാനതിനെ കാണുന്നുള്ളൂ. അപ്പോഴും ഫലസ്തീനികൾക്ക് വോട്ട് ചെയ്ത് സ്വന്തം ഭരണകൂടത്തെ തെരഞ്ഞെടുക്കാനുള്ള അവകാശമുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

ഇസ്രയേൽ, ഫലസ്തീൻ എന്നീ രണ്ട് പരമാധികാര രാഷ്ട്രങ്ങൾ ഉണ്ടാവുകയാണ് പ്രശ്നത്തിന് പരിഹാരമെന്ന നിലപാടിലേക്ക് ഫലസ്തീനികൾ വരണമെന്നാണ് എന്റെ ആഗ്രഹം. ഇരു രാഷ്ട്രങ്ങൾക്കും അടുത്തടുത്ത് സമാധാനത്തോടെ നിലനിന്നുപോവാൻ കഴിയണം. പക്ഷേ, ഹമാസ് ഇതിന് പൂർണമായും എതിരാണ്. അറ്റമില്ലാത്ത യുദ്ധമാണ് അത് ആഗ്രഹിക്കുന്നത്. അപ്പോഴും ഭരണം നടത്താനുള്ള ഹമാസിന്റെയും അതിന് വോട്ട് ചെയ്യാനുള്ള ഫലസ്തീനികളുടെയും അവകാശത്തെ ഞാൻ പിന്തുണക്കുന്നു. അടുത്ത തവണ ഹമാസ് പരാജയപ്പെടുമെന്നാണ് ഞാൻ കരുതുന്നത്.

**ഡോ. അസാം അൽ ഇർയാൻ**

ഈ മറുപടിയിൽ വൈരുധ്യങ്ങളുണ്ട്. പരിഗണിക്കേണ്ട ഒരു കാര്യം മാത്രം ഇവിടെ സൂചിപ്പിക്കുന്നു. ഇസ്രയേൽ-ഫലസ്തീൻ സംഘർഷത്തെക്കുറിച്ച് ഹമാസിന് ഒരു രാഷ്ട്രീയ അജണ്ടയുണ്ട്. ദീർഘകാല കരാറിൽ ഒപ്പുവെക്കാനും ദ്വിരാഷ്ട്ര പരിഹാരം അംഗീകരിക്കാനും അത് സന്നദ്ധമാണ്. ജറൂസലമിൽ സ്ഥിതിഗതികൾ ശാന്തമാകുന്ന വിധത്തിൽ ഒരു കരാർ ഉണ്ടാവുമെങ്കിൽ മറ്റു മുഖ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത് നീട്ടിവെക്കാൻ ഹമാസ് തയാറായിട്ടുണ്ട്. ഇസ്രയേൽ മീഡിയ പറയുന്നത് മാത്രം ഏറ്റു പറയാതെ, ഹമാസിന്റെ നിർദേശങ്ങൾ പഠിക്കാൻ ഡോ. ജോഷ തയാറാവണമെന്നാണ് എനിക്ക് ഉപദേശിക്കാനുള്ളത്. ദ്വിരാഷ്ട്ര പരിഹാരത്തെക്കുറിച്ച് പി.എൽ.ഒയുടെ ഒരു പഴയ നിർദേശവും നിലവിലുണ്ട്. മറ്റു വാക്കുകളിൽ, വിശാല ഇസ്രയേൽ എന്ന സ്വപ്നം ജൂതന്മാർ ഉപേക്ഷിക്കണം. മറ്റു മൗലികവാദങ്ങളെപ്പോലെ ജൂത മൗലികവാദത്തെയും നമുക്ക് നേരിടാൻ കഴിയുന്നുണ്ടോ?

▶ *ജനാധിപത്യത്തിന്റെ തത്ത്വവും പ്രയോഗവും തമ്മിൽ വലിയ അന്തരം കാണാനുണ്ട്. വിദേശനയത്തിന്റെ കോണിലൂടെ നോക്കിയാൽ അമേരിക്കൻ ജനാധിപത്യം വളരെ അപകടം പിടിച്ച ഒന്നാണ്. സമചിത്തതയില്ലാത്ത ഏകാധിപത്യ പ്രവണതകളും അതിൽ കാണാനാവുന്നു. ജനാധിപത്യം അതിന്റെ ചൈതന്യത്തോടെ ലോകത്ത് എവിടെയും ഇല്ല എന്നു പറയാം. ഈയൊരു പശ്ചാത്തലത്തിൽ ഐക്യരാഷ്ട്രസഭയും വൻ ശക്തികളും സ്പോൺസർ ചെയ്യുന്ന ജനാധിപത്യത്തെ ചെറുത്തുകൊണ്ട്, അനീതിക്കെതിരെ ആഗോളവ്യാപകമായി പൊരുതാൻ മുസ്‌ലിംലോകത്തിന് ഒരു രാഷ്ട്രീയ തത്ത്വശാസ്ത്രം ഉണ്ടാവേണ്ടതല്ലേ?*

**ഡോ. അസാം അൽ ഇർയാൻ**

ഇതര രാഷ്ട്രങ്ങളുടെ അനുഭവപാഠങ്ങൾ മുസ്‌ലിംലോകം പ്രയോജനപ്പെടുത്തേണ്ട സന്ദർഭമാണിത്. മറ്റു സംസ്കാരങ്ങളിൽനിന്ന് പലതും മുസ്‌ലിംകൾ പ്രയോജനപ്പെടുത്തിയിരുന്നതായി ചരിത്രത്തിൽ കാണാം. ചില മൗലികതത്ത്വങ്ങൾ പറഞ്ഞുവെക്കുകയാണ് ഇസ്‌ലാമിന്റെ രീതി. അവ മുമ്പിൽ വെച്ച് യുക്തിവിചാരം നടത്തുകയാണ് ചെയ്യുക. അതിനാൽ ഇക്കാലത്ത് ജീവിക്കുന്ന മുസ്‌ലിംകൾ മുൻകാലങ്ങളിൽ ഉചിതമെന്ന് വിലയിരുത്തപ്പെട്ട ഒരു ചട്ടക്കൂട് അതേപടി സ്വാംശീകരിക്കുന്നതിൽ അപാകമുണ്ട്. എല്ലായിടത്തും ഇസ്‌ലാമികമായ ചട്ടക്കൂട് ഒരേ തരത്തിലായിരിക്കണം എന്ന് പറയുന്നതും പ്രായോഗികമായിരിക്കില്ല. അന്വേഷണവും കണ്ടെത്തലുകളും (ഇജ്തിഹാദ്) അവയുടെ പ്രയോഗവത്കരണവുമെല്ലാം ഭിന്നമായിരിക്കും.

പല പ്രശ്നങ്ങൾക്കുമുള്ള ഉത്തരങ്ങൾ ഇസ്‌ലാമിക നിയമശാസ്ത്ര(ഫിഖ്ഹ്)ത്തിൽതന്നെയുണ്ട്. ഉദാഹരണത്തിന്, ഫിഖ്ഹ് പ്രകാരം ഭരണാധികാരിയെ തെരഞ്ഞെടുക്കേണ്ടത് സ്വതന്ത്രമായാണ്. നിശ്ചിത കാലത്തേക്കാണ് അയാൾ തെരഞ്ഞെടുക്കപ്പെടുക. സമാധാനപരമായ രീതിയിൽ അയാളുടെ ഭരണം ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കും. അനീതി കാണിച്ചാൽ അയാളെ പുറത്താക്കും. സ്വേഛാധിപത്യം അനുവദിക്കില്ല. വേണമെങ്കിൽ അധികാരം കൈമാറ്റപ്പെടാം. ഒന്നിലധികം രാഷ്ട്രീയ പാർട്ടികൾ ഉണ്ടാവുന്നത് സ്വീകാര്യമാണ്. ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണം ശരീഅത്തിന്റെ ബാധ്യതയാണ്. ഇതാണ് ജനാധിപത്യ സംസ്കാരം. ഫിഖ്ഹീ വീക്ഷണത്തിൽ ഇസ്‌ലാമുമായി പൊരുത്തപ്പെടാത്തതല്ല ഇതൊന്നും.

രാഷ്ട്രീയ പാർട്ടികളുടെ രൂപവത്കരണം, തെരഞ്ഞെടുപ്പ്, ലിഖിത ഭരണഘടന തുടങ്ങിയവ ജനാധിപത്യം പ്രയോഗവത്കരിക്കാനുള്ള മാർഗങ്ങളാണ് പാശ്ചാത്യ നാടുകളിൽ. ഇസ്‌ലാമിക വീക്ഷണത്തിലും ഈ മാർഗങ്ങൾ അഭിലഷണീയമാണ്. എങ്കിൽ ഇസ്‌ലാമിക ജനാധിപത്യം വ്യത്യസ്തത പുലർത്തുന്നത് എവിടെയാണ്? ഉള്ളടക്കത്തിലാണെന്ന് പറയാം. ജനാധിപത്യരീതികൾ ശരീഅത്ത് തത്ത്വങ്ങൾക്ക് വിരുദ്ധമായിക്കൂടാ. ഇസ്‌ലാമികവിരുദ്ധമായ നിയമങ്ങൾ കൊണ്ടുവരുന്നത് പാർലമെന്റിന് അംഗീകരിക്കാനാവില്ല. ശരീഅത്ത്‌വിരുദ്ധ നിയമങ്ങൾ പുനഃപരിശോധിക്കാൻ ഭരണഘടനാ ബെഞ്ചിന് അധികാരമുണ്ടായിരിക്കും.

ഇസ്‌ലാമിക ജനാധിപത്യം മനുഷ്യന്റെ സർവതോമുഖമായ പുരോഗതി ലക്ഷ്യം വെക്കുന്നു എന്നതാണ് മറ്റൊരു സവിശേഷത. ഭൗതികാവശ്യങ്ങൾ മാത്രമായിരിക്കില്ല അത് കൈകാര്യം ചെയ്യുന്നത്. ജീവിതസംതൃപ്തി അതിന്റെ ലക്ഷ്യമാണ്. ഒരു സമൂഹത്തിനു നേരെയുള്ള കൈയേറ്റവും ഇസ്‌ലാമിക ജനാധിപത്യം പൊറുപ്പിക്കുകയില്ല. ജനാധിപത്യ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തുകയുമില്ല (മറ്റു രാഷ്ട്രങ്ങൾ കൈയേറാൻ പാർലമെന്റ് അനുവാദം കൊടുക്കുക പോലുള്ളവ).

**ഡോ. ജോഷ്വാ മുറാവ്ചിക്**

ജനാധിപത്യത്തിൽ അഗാധ വിശ്വാസമുള്ള ഒരാളാണ് ഞാൻ. അത് നീതിയുക്തമാണെന്നും എവിടെ, ഏത് സംസ്കാരത്തിൽ ജീവിക്കുന്നവർക്കും അനുഗുണമാണെന്നും ഞാൻ കരുതുന്നു. പക്ഷേ, ജനാധിപത്യം യുക്തവും നീതിപൂർണവുമായ നയങ്ങളിലേക്ക് മാത്രമേ വഴിനടത്തൂ എന്നു പറയാനാവില്ല. ഒരു ഭരണക്രമം നിശ്ചയിക്കുമ്പോൾ അവിടത്തെ ജനങ്ങൾക്ക് അതിൽ ഒരു റോൾ ഉണ്ടായിരിക്കണം. ഇതാണ് ജനാധിപത്യം കൊണ്ട് അർഥമാക്കുന്നത്. നിങ്ങൾക്കും എനിക്കും അമേരിക്കയുടെയോ ജനാധിപത്യപരമായി ഭരിക്കപ്പെടുന്ന മറ്റു രാഷ്ട്രങ്ങളുടെയോ നയങ്ങളുമായി വിയോജിക്കാം. നമ്മൾ തമ്മിലും വിയോജിപ്പുകൾ ഉണ്ടാകുമല്ലോ. എനിക്ക് പറയാനുള്ളത്, ഇസ്‌ലാമിക രാജ്യങ്ങളിലെ പൗരന്മാർക്ക് അവരവരുടെ ഭാഗധേയം നിർണയിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കണം എന്നാണ്. അവർ സ്വീകരിക്കുന്ന നയനിലപാടുകളോട് എനിക്ക് യോജിപ്പ് ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി.

▶ *മധ്യപൗരസ്ത്യ ദേശത്ത് ജനാധിപത്യം കൊണ്ടുവരാൻ ശ്രമിക്കുന്നു എന്നത് അമേരിക്കൻ ഭരണകൂടത്തിന്റെ ക്രിയാത്മക നടപടികളിലൊന്നാണ്. ഈ യത്നം ആത്മാർഥമാണെങ്കിൽ ഈ പ്രദേശങ്ങളിൽ ജീവിക്കുന്ന മില്യൻ കണക്കിന് മനുഷ്യരുടെ ജീവിതനിലവാരം ഉയർത്താനും അവിടത്തെ ഭരണകൂടങ്ങളെ കൂടുതൽ ജനപ്രതിബദ്ധതയുള്ളതാക്കാനും അതുവഴി സാധിക്കും. മുസ്‌ലിം ലോകത്ത് അമേരിക്കയുടെ പ്രതിഛായ മെച്ചപ്പെടുത്താനും അത് ഉപകരിക്കും. ഇതു സംബന്ധമായി എനിക്ക് രണ്ട് സംശയങ്ങളുണ്ട്:*

*ഒന്ന്) മേഖലയിൽ ജനാധിപത്യം കൊണ്ടുവരാനുള്ള ശ്രമം ആത്മാർഥമാണെങ്കിൽ എന്തുകൊണ്ട് അമേരിക്ക അതുമായി സൗഹൃദത്തിലുള്ള രാജാക്കന്മാരെയും ഏകാധിപതികളെയും പൊറുപ്പിക്കുകയും അമേരിക്കൻ വിധേയത്വം അംഗീകരിക്കാത്ത ഭരണകൂടങ്ങളെ അട്ടിമറിക്കാൻ ആഹ്വാനം നടത്തുകയും ചെയ്യുന്നു?*

*രണ്ട്) ബുഷ് ജൂനിയർ താനൊരു മതകീയൻ ആണെന്ന് സ്വയം വിശേഷിപ്പിക്കുന്നു. മധ്യപൗരസ്ത്യ ദേശത്ത് മതാഭിമുഖ്യമുള്ള ഭരണകൂടങ്ങളാണ് വരാൻ പോകുന്നതെങ്കിൽ അപ്പോഴും അമേരിക്ക ജനാധിപത്യത്തിന്റെ പക്ഷത്തു തന്നെ നിലയുറപ്പിക്കുമോ?*

### ഡോ. അസാം അൽ ഇർയാൻ

അമേരിക്കൻ സെനറ്റർ ഡ്രയനോട് (Drian) ഞാൻ ഇതേ ചോദ്യം ചോദിച്ചിരുന്നു. അദ്ദേഹം ഒഴിഞ്ഞുമാറുകയാണുണ്ടായത്. അമേരിക്കയെ എതിർക്കുന്നവരെ അധികാരത്തിൽ കൊണ്ടുവരുന്ന ഒരു യഥാർഥ ജനാധിപത്യ പ്രക്രിയ അംഗീകരിക്കാൻ അമേരിക്ക തയാറാണോ? ഞാൻ അദ്ദേഹത്തോട് ചോദിച്ചു. വ്യക്തിപരമായി ഞാനിത് അംഗീകരിക്കുന്നു; പക്ഷേ, അമേരിക്കൻ ഭരണകൂടം അംഗീകരിക്കില്ല - ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ജനാധിപത്യത്തെ മാത്രമേ അമേരിക്കൻ ഭരണകൂടം സ്വീകരിക്കുകയുള്ളൂ.

മതകീയനെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു പ്രസിഡന്റിന് എങ്ങനെയാണ്, തങ്ങളുടെ സമ്മതിദാനാവകാശം സ്വതന്ത്രമായി വിനിയോഗിച്ചു എന്നതിന്റെ പേരിൽ ഒരു ജനസമൂഹത്തെ ഒന്നടങ്കം പട്ടിണിക്കിടാൻ മനസ്സ് വരുന്നത് എന്നെനിക്ക് മനസ്സിലാകുന്നില്ല. മനുഷ്യരെ കൂട്ടക്കശാപ്പ് നടത്തുകയും അവരുടെ വീടുകൾ പൊളിച്ചുനീക്കുകയും ചെയ്യുന്ന ഇസ്രയേലിന്റെ അതിക്രമങ്ങളെ അപലപിക്കാനും അദ്ദേഹം തയാറല്ല.

അമേരിക്ക താൽപര്യമെടുത്തില്ലെങ്കിലും അറബികൾക്കും മുസ്‌ലിംകൾക്കും താൽപര്യമുള്ള വിഷയമാണ് ജനാധിപത്യം. അമേരിക്കൻ സഹായമില്ലാതെത്തന്നെ ഏകാധിപത്യ ഭരണകൂടങ്ങളെ പുറത്താക്കാൻ കഴിയുമെന്ന് അവിടത്തെ ജനത വിശ്വസിക്കുന്നു. അമേരിക്കൻ സഹായം സ്വീകരിച്ചാൽ അവരുടെ ഉപാധികളും സ്വീകരിക്കേണ്ടിവരുമെന്ന് ജനത്തിന് അറിയാം. അമേരിക്കൻ വിദേശനയം തിരുത്തിക്കാൻ ഓരോ അമേരിക്കൻ പൗരനും രംഗത്തിറങ്ങുകയാണ് വേണ്ടത്.

### ഡോ. ജോഷ്വാ മുറാവ്ചിക്

ജനാധിപത്യ പ്രക്രിയയിൽ അമേരിക്കൻ ഭരണകൂടത്തിന് ആത്മാർഥതയുണ്ട് എന്നാണെന്റെ വിശ്വാസം. പക്ഷേ, മധ്യപൗരസ്ത്യത്തിലെ പലരും അമേരിക്കയുടെ ആത്മാർഥതയെ സംശയിക്കുന്നു. ജനാധിപത്യത്തെ പിന്തുണക്കുക എന്ന ഒറ്റ അജണ്ടയല്ല അമേരിക്കയുടേത് എന്നതാണ് പ്രശ്നം. മേഖലയിലെ സമാധാനം, ആണവായുധ വ്യാപനം, ഭീകരത ഇങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്.

ഈ പ്രശ്നങ്ങളെയെല്ലാം അമേരിക്ക ബാലൻസ് ചെയ്യിക്കാൻ ശ്രമിക്കുമ്പോൾ അത് കപടമാണെന്ന തോന്നലുളവാക്കുന്നു. ഇത് അനിവാര്യമായും വന്നുചേരുന്ന ഒന്നാണ്. പ്രസിഡന്റ് ജിമ്മി കാർട്ടർ മനുഷ്യാവകാശങ്ങൾക്ക് അമേരിക്കൻ നയത്തിൽ വലിയ പരിഗണന നൽകിയ തൊള്ളായിരത്തി എഴുപതുകളുടെ മധ്യം മുതൽ ഈയൊരു പ്രശ്നം ആഗോളവ്യാപകമായി നിലനിൽക്കുന്നുണ്ട്. ഒന്നിനെ മറ്റൊന്നായി തുലനം ചെയ്യിക്കേണ്ടി വരുന്നതുകൊണ്ടാണിത്.

അമേരിക്കൻ നയത്തിന് വിധേയപ്പെടുന്നവരെ കൈയയച്ച് പിന്തുണക്കുന്നു എന്ന് പറയുന്നതും ശരിയല്ല. മുശർറഫിന്റേത് പോലുള്ള ഭരണകൂടങ്ങളോട് കടുപ്പമുള്ള സമീപനം ഞങ്ങൾ സ്വീകരിക്കുന്നില്ല. കാരണം ഭീകരതക്കെതിരെ ആ ഭരണകൂടങ്ങൾ ഞങ്ങളെ സഹായിക്കുന്നുണ്ട്. അക്കാര്യമാണ് വളരെ സുപ്രധാനം. ഇപ്പോൾ ഖദ്ദാഫിയോടുള്ള സമീപനത്തിലും അയവുണ്ട്. ആണവപരിപാടികൾ അയാൾ ഉപേക്ഷിച്ചതാണ് കാരണം. ഖദ്ദാഫി എന്തൊക്കെയാണെങ്കിലും അമേരിക്കൻ നയത്തിന് വിധേയപ്പെടുന്ന ആളല്ല. ഇവിടെ ആണവ വ്യാപനം എന്നതാണ് ഞങ്ങളെ സംബന്ധിച്ച് മുഖ്യപ്രശ്നം. അതേസമയം ഇത്തരം വിട്ടുവീഴ്ചകളെക്കുറിച്ച് വലിയ സംവാദങ്ങളും നടക്കുന്നുണ്ട്. ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കും ഏറ്റവും കൂടിയ പരിഗണന കൊടുക്കണം എന്നാണ് എന്നെപ്പോലുള്ളവർ എപ്പോഴും വാദിക്കാറുള്ളത്.

രണ്ടാമത്തെ ചോദ്യത്തെക്കുറിച്ചാണെങ്കിൽ, ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഞങ്ങളെ ചകിതരാക്കുന്നു എന്നത് ശരിയാണ്. ജനാധിപത്യമെന്നാൽ ചിലപ്പോൾ നമ്മൾ ഇഷ്ടപ്പെടാത്തവരെയും നമ്മളെ ഇഷ്ടപ്പെടാത്തവരെയും അംഗീകരിക്കലാണെന്ന് അമേരിക്കക്കാരും അവരുടെ ഭരണകൂടവും മനസ്സിലാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

▶ *ഡോ. അസാം, താങ്കളോടാണ് ചോദ്യം. മുസ്‌ലിംകൾക്കും കൂടുതൽ പുരോഗതിയാർജിച്ച ക്രൈസ്തവ സമൂഹങ്ങൾക്കും -ഉദാഹരണമായി സുഡാനിലെ ദാർഫൂർ മേഖല- ഒന്നിച്ച് ജീവിക്കാൻ കഴിയും എന്ന് താങ്കൾ കരുതുന്നുണ്ടോ?*

ക്രൈസ്തവതയുമായി സഹവർത്തിത്വത്തിൽ കഴിയാനുള്ള ഇസ്‌ലാമിന്റെ ശേഷി ചരിത്രത്തിലുടനീളം അത് തെളിയിച്ചിട്ടുണ്ട്. മുസ്‌ലിം ലോകത്തുടനീളം ഇന്നും ചർച്ചുകളുണ്ട്. മുസ്‌ലിം ലോകത്തോടുള്ള പാശ്ചാത്യരുടെ അതിതീവ്ര നിലപാടാണ് യഥാർഥ പ്രശ്നം എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഇത് പക്ഷേ, ക്രൈസ്തവ നിലപാടല്ല. ക്രൈസ്തവതയുടെ പേരിലാണ് പലപ്പോഴും അത് നടന്നിട്ടുള്ളതെങ്കിലും. കുരിശു യുദ്ധങ്ങൾ ഉദാഹരണം. ഇവയുടെയൊന്നും യഥാർഥ ഉന്നം മതപരവും ആയിരുന്നില്ല.

അപ്പോൾ ചോദ്യം ഇതാണ്: ജൂത-ക്രൈസ്തവ സംസ്കാരത്തിൽനിന്ന് ഉരുത്തിരിഞ്ഞ ക്രൈസ്തവ രാജ്യങ്ങൾക്ക് ഇസ്‌ലാമിക സംസ്കാരത്തെ അംഗീകരിക്കാൻ കഴിയുമോ? ഇസ്‌ലാമിക ലോ

കത്തെ തങ്ങൾ സ്വാധീനിക്കാൻ ശ്രമിക്കുന്നതുപോലെ ഇസ്‌ലാം തങ്ങളെയും സ്വാധീനിച്ചോട്ടെ എന്ന് വെക്കാൻ പാശ്ചാത്യർക്ക് സാധിക്കുമോ? പരസ്പരം സ്വാധീനിക്കുകയും സ്വാധീനിക്കപ്പെടുകയും വേണം. എന്നാൽ ഇസ്‌ലാമികാശയങ്ങൾക്ക് നേരെയുള്ള ആക്രോശമാണ് പാശ്ചാത്യലോകത്ത് ഉയർന്നു കേൾക്കുന്നത്. ഇസ്‌ലാമിനെ അവർ ഒരു ഭീഷണിയായി കാണുന്നു. ധാർമികതയിലും മറ്റും പടിഞ്ഞാറൻ ആശയങ്ങളുമായി ഇസ്‌ലാമിക തത്ത്വങ്ങൾക്ക് സാമ്യമുള്ള കാര്യമൊന്നും അവർ കണക്കിലെടുക്കുന്നില്ല. ഇത്തരം ആശയങ്ങൾ ക്രൈസ്തവസമൂഹം കൈവെടിഞ്ഞെങ്കിലും മുസ്‌ലിംകൾ പരിരക്ഷിച്ചുപോരുന്നുണ്ട്. ചുരുക്കത്തിൽ ഏത് മതവുമായും ആശയവുമായും ഒത്ത് ജീവിക്കാൻ മുസ്‌ലിംകൾ തയാറാണ്; ചരിത്രത്തിലുടനീളം അവർ ജീവിച്ചതുപോലെത്തന്നെ. വിവിധ ആശയങ്ങളെയും സംസ്കാരങ്ങളെയും സ്വാധീനിക്കാനും അവയാൽ സ്വാധീനിക്കപ്പെടാനും കരുത്തുള്ളതാണ് ഇസ്‌ലാമിക ആശയങ്ങൾ.

▶ *ഡോ. ജോഷ്വാ, മുസ്‌ലിംകൾക്ക് അമേരിക്കയോട് എന്താണിത്ര ദേഷ്യം എന്ന് നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? നിങ്ങൾ വിചാരിക്കുന്നതുപോലെ ജനാധിപത്യം ഒരു പരിഹാരമല്ല, ജനാധിപത്യത്തിന്റെ ചരിത്രപശ്ചാത്തലം ഇല്ലാത്ത ഈ മേഖലക്ക് അത് സ്വീകാര്യവുമല്ല. ഭീകരതയുടെ അടിസ്ഥാന കാരണങ്ങളിലേക്ക് എന്താ നിങ്ങളുടെ കണ്ണ് പോവാത്തത്? ഇതിനെല്ലാം കാരണം അന്ധമായ വിദ്വേഷമാണ് എന്ന് പറഞ്ഞൊഴിയാൻ സാധിക്കുമോ? നിയമവിരുദ്ധ ഇസ്രയേൽ രാഷ്ട്രത്തെ പിന്തുണക്കുന്നത് നിങ്ങൾ നിർത്തണം. മുസ്‌ലിം ലോകത്തെ അധർമികളായ ഭരണാധികാരികളെയും നിങ്ങൾ പിന്തുണക്കരുത്. ലോക പോലീസാവാതിരിക്കാൻ നിങ്ങൾക്ക് കഴിയില്ലേ?*

### ഡോ. ജോഷ്വാ മുറാവ്ചിക്

ജനാധിപത്യം സ്വീകാര്യമല്ല എന്ന് പറഞ്ഞല്ലോ. ആർക്ക് സ്വീകാര്യമല്ല? ആ മേഖലയിലെ ജനങ്ങൾക്ക്, അല്ലേ? ഈയൊരു നിഗമനത്തിൽ എത്തണമെങ്കിൽ ആ മേഖലയിലെ ജനങ്ങൾക്ക് എന്ത് വേണം, എന്ത് വേണ്ട എന്നതിനെക്കുറിച്ച് നിങ്ങൾക്കൊരു മുൻധാരണ വേണമല്ലോ. ജനങ്ങളുടെ ഈ ഹിതാഹിതങ്ങൾ തന്നെയാണ് ജനാധിപത്യം എന്ന് പറയുന്നത്. ജനത്തിന് എന്താണോ വേണ്ടത് അതവർക്ക് ലഭിക്കണം, ഇതാണ് ജനാധിപത്യത്തിന്റെ കാതൽ. എനിക്ക് മറ്റൊരു ചോദ്യവുംകൂടി അങ്ങോട്ട് ചോദിക്കാനുണ്ട്. മേഖലയിലെ ജനങ്ങൾക്ക് വേണ്ടി സംസാരിക്കാൻ ആരാണ് താങ്കളെ ചുമതലപ്പെടുത്തിയത്?

'അടിസ്ഥാന കാരണങ്ങളെ'കുറിച്ച് എനിക്ക് രണ്ട് കാര്യങ്ങൾ പറയാനുണ്ട്: ഒന്ന്, ചില കാരണങ്ങളിൽ ഗാഢമായി വിശ്വസിക്കുകയും മനസ്സിന്റെ അടിത്തട്ടിൽ കൊള്ളുന്ന സങ്കടങ്ങൾ നെഞ്ചിലേറ്റുകയും ചെയ്യുന്നവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ് ലോകം. ഈ കാരണങ്ങളും സങ്കടങ്ങളുമൊന്നും ഭീകരതക്ക് ന്യായീകരണമാകുന്നില്ല. രണ്ട്, ഇസ്രയേലിന് നിലനിൽക്കാനുള്ള അവകാശമുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾക്കങ്ങനെ വിശ്വാസമില്ല. ഈ നിലയിൽ നമുക്ക് ചർച്ച മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസമാണ്. അധർമികളായ ഭരണാധികാരികളെ പിന്തുണക്കുന്നില്ലേ എന്ന് ചോദിച്ചതിൽ കാര്യമുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ ആദ്യമായി പഴിചാരേണ്ടത് ഞങ്ങളെയല്ല. ഞങ്ങൾ പിന്തുണക്കാത്ത വേറെയും ധാരാളം ഭരണാധികാരികൾ അവിടെയുണ്ടല്ലോ. കെടുകാര്യസ്ഥതയിൽ അവരും ഒട്ടും മോശക്കാരല്ലല്ലോ.

### ഡോ. അസാം അൽ ഇർയാൻ

ഇസ്രയേലിനെയും മേഖലയിലെ ഏകാധിപതികളെയും തുടർച്ചയായി പിന്തുണക്കുന്ന അമേരിക്കയുടെ അക്രമാത്മക വിദേശനയം തന്നെയാണ് വെറുപ്പിന് മുഖ്യനിമിത്തം എന്ന കാര്യത്തിൽ ഞാനും യോജിക്കുന്നു. ഈ രണ്ട് വിഭാഗങ്ങളെ പിന്തുണക്കുന്നത് അമേരിക്ക നിർത്തിയാൽ അതിന്റെ നയങ്ങൾക്ക് സ്വീകാര്യത ലഭിക്കും. ബ്രിട്ടനിലൊഴികെ മറ്റു പാശ്ചാത്യരാജ്യങ്ങളിൽ ജനാധിപത്യത്തിന് രണ്ട് നൂറ്റാണ്ട് പഴക്കമേയുള്ളൂ. 130 വർഷത്തിൽ അധികമായി ഈജിപ്തിൽ പാർലമെന്റും തെരഞ്ഞെടുപ്പുകളുമുണ്ട്. പക്ഷേ, സൈനിക അട്ടിമറിയും ഏകാധിപത്യ വാഴ്ചയും ഈ സംവിധാനങ്ങളുടെ വികാസത്തെ തടഞ്ഞുനിർത്തി.

തുർക്കി 150 വർഷം മുമ്പ് തന്നെ പരിഷ്കരണ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. അതൊരു പാർലമെന്റ് സ്ഥാപിക്കുകയും ഒരു ഭരണഘടന എഴുതിയുണ്ടാക്കുകയും ചെയ്തു. പക്ഷേ, ഉസ്മാനിയാ ഖിലാഫത്തിന്റെ പതനത്തോടെ ആ പ്രക്രിയ നിലച്ചു. സൈനിക ഏകാധിപത്യമാണ് പകരം വന്നത്.

ഇസ്‌ലാമിക മൂല്യങ്ങളിൽ ഊന്നിനിന്നാണ് ഈ മേഖലക്ക് ഒരു ജനാധിപത്യ രാഷ്ട്രീയ സംവിധാനം കെട്ടിപ്പടുക്കാനാവുക.

▶ *ശീതയുദ്ധത്തിന് ശേഷമുള്ള ഏറ്റവും വലിയ ഭീഷണി ഇസ്‌ലാമിസ്റ്റുകളാണെന്ന് അമേരിക്കയിലെ നവയാഥാസ്ഥിതിക അധികാരകേന്ദ്രം* (neo-cons) *കരുതുന്നുണ്ടോ? ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ പാശ്ചാത്യ ജനാധിപത്യ രീതികളുമായി ചേർന്ന് പ്രവർത്തിക്കാൻ ഇസ്‌ലാമിസ്റ്റുകൾ തയാറാവുമോ?*

### ഡോ. അസാം അൽ ഇർയാൻ

ഇസ്‌ലാമിസ്റ്റുകൾ ഒരു ഭീഷണിയാണെന്ന് അമേരിക്കൻ നവയാഥാസ്ഥിതികർ വിശ്വസിക്കുന്നുണ്ടോ എന്നെനിക്കറിയില്ല. നിയോകോണുകൾ രൂപപ്പെടുത്തിയ നയങ്ങൾ-മുൻകൂർ ആക്രമണം, ഇസ്രയേലിനുള്ള പിന്തുണ, എതിരാളികൾ അധികാരത്തിലെത്തുമെന്ന് പേടിച്ച് ജനാധിപത്യത്തെ തള്ളിപ്പറയൽ പോലുള്ളവ - തുടർന്നുകൊണ്ടേയിരിക്കുന്നതാണ് അമേരിക്കക്കുള്ള ഭീഷണിയെന്ന് വിവിധ അമേരിക്കൻ റിപ്പോർട്ടുകളിൽ കാണുന്നു. ഈ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ നവയാഥാസ്ഥിതികർ അവരുടെ നയങ്ങൾ പുനഃപരിശോധിക്കുകയാണ് വേണ്ടത്.

മുസ്‌ലിം ലോകത്ത് ഒരു രാഷ്ട്രീയജീവിതം വികസിപ്പിച്ചെടുക്കാൻ ശ്രമിക്കുന്ന മിതവാദികളായ ഇസ്‌ലാമിസ്റ്റുകൾ വരും വർഷങ്ങളിൽ അവരുടെ നേട്ടങ്ങൾ തുടരുമെന്ന് ഞാൻ വിചാരിക്കുന്നു. ഇവിടെ കളിക്കാനിറങ്ങുന്ന എല്ലാവരും ഈ മാറ്റത്തെ അംഗീകരിച്ചേ മതിയാവൂ. ഇസ്‌ലാമിസ്റ്റുകളെ ഒതുക്കാനല്ല, അവരെ പങ്കാളികളായി കണ്ട് സുസ്ഥിരമായ ഒരു ലോകം സാധ്യമാക്കാൻ അവരുമായി സഹകരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്.

### ഡോ. ജോഷ്വാ മുറാവ്ചിക്

1970-കൾ മുതലേ ഒരു ഒറിജിനൽ നവയാഥാസ്ഥിതികനാണ് ഞാൻ. പക്ഷേ, ഒരു നവയാഥാസ്ഥിതിക അധികാര കേന്ദ്രമുണ്ടെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ ഉള്ളതായി ആരും എന്നോട് പറഞ്ഞിട്ടില്ല. അത്ര സംഘടിതരല്ലാത്ത ഒരു വിഭാഗമാണിത്. അതുകൊണ്ട് ഞാൻ പറയുന്നത് എന്റെ അഭിപ്രായം മാത്രമായിരിക്കും. എനിക്കറിയാവുന്ന മറ്റു ചിലരുടെ അഭിപ്രായങ്ങളും നിങ്ങളുമായി പങ്കുവെക്കാൻ കഴിയും. 9/11-നു മുമ്പ് 'മഹാ വെല്ലുവിളി' എന്ന ഒരൊറ്റ ആശയം നിലവിലുണ്ടായിരുന്നില്ല. ആ തീയതിക്കു ശേഷമാണ് ഭീകരത ലിസ്റ്റിൽ ഒന്നാം സ്ഥാനത്ത് വരുന്നത്. ഇസ്‌ലാമികത ഒരു ഭീഷണിയാണെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ, അക്രമാസക്തമാവുമ്പോൾ അത് ഭീഷണിയാവുകയും ചെയ്യും. ചില ഭീകരവാദികൾ ഇസ്‌ലാമിസ്റ്റുകളാണ്. റാഡിക്കൽ, സെക്യുലരിസ്റ്റ്, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് 'വിമോചന' ധാരകളിൽനിന്ന് വരുന്നവരാണ് മറ്റുള്ളവർ. വെല്ലുവിളി എ

ന്ന് പറയുന്നത് ഭീകരതയാണ്, ഇസ്‌ലാമിസമല്ല. ഇക്കാര്യത്തിൽ എന്നോട് വിയോജിക്കുന്ന നവയാഥാസ്ഥിതികരും ഉണ്ട്.

▶ *2001 സെപ്റ്റംബർ 11-ലെ ആക്രമണങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ അമേരിക്ക ഇറാഖ് കൈയേറുമായിരുന്നോ? എന്റെ അമേരിക്കൻ സുഹൃത്തുക്കൾ പറയുന്നത്, തുടങ്ങിവെച്ചത് മുസ്‌ലിംകളാണ്, അവസാനിപ്പിക്കുന്നത് അമേരിക്കയായിരിക്കും എന്നാണ്. എന്ത് പറയുന്നു?*

**ഡോ. അസാം അൽഇർയാൻ**

വളരെ മുമ്പ്തന്നെ ഇറാഖ് അധിനിവേശത്തിന് പദ്ധതിയുണ്ടായിരുന്നുവെന്നാണ് രാഷ്ട്രീയ റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാവുന്നത്. 9/11-നു മുമ്പ് അമേരിക്കൻ മരുഭൂമിയിൽ അതിനുവേണ്ടിയുള്ള സൈനികപരിശീലനം ആരംഭിച്ചിരുന്നു. അതിനാൽ 9/11 യുദ്ധം തുടങ്ങാനുള്ള ഒരു നിമിത്തം മാത്രമാണ്. അമേരിക്കൻ വിദേശനയം സെപ്റ്റംബർ ആക്രമണത്തിനു ശേഷം കൂടുതൽ അക്രമോത്സുകമായി എന്നതും കാണേണ്ടതാണ്. ഇറാനെതിരെയുള്ള നീക്കങ്ങൾ ഉദാഹരണം.

**ഡോ. ജോഷ്വാ മുറാവ്ചിക്**

'മുസ്‌ലിംകൾ തുടങ്ങി, അമേരിക്ക അവസാനിപ്പിക്കും' എന്നതിനോട് ഞാൻ ശക്തിയായി വിയോജിക്കുന്നു. മുസ്‌ലിംകൾ അല്ല അത് തുടങ്ങിയത്, ഭീകരന്മാരാണ്. നാം അവരോടും അവരെ പിന്തുണക്കുന്നവരോടും യുദ്ധം ചെയ്തുകൊണ്ടിരിക്കും, അവർ പരാജയപ്പെടുന്നതു വരെ.

9/11 സംഭവം ഇല്ലായിരുന്നെങ്കിലും ഇറാഖ് കൈയേറുമായിരുന്നു എന്നത് ഉൾക്കൊള്ളാൻ പറ്റാത്തതാണ്. ബുഷ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചപ്പോൾ, ബിൽ ക്ലിന്റൻ തുടർന്നുവന്ന വിദേശനയത്തേക്കാൾ പരിമിതവും 'മൃദുല'വും ആയ ഒന്നിനുവേണ്ടിയാണ് പ്രചാരണം നടത്തിയത്. ബുഷ് വിദേശനയത്തിൽ അത്ര താൽപര്യമുള്ള ആളല്ല. നികുതികൾ വെട്ടിക്കുറക്കുന്നതിലാണ് അദ്ദേഹത്തിന്റെ താൽപര്യം. 9/11-നു മുമ്പ് ഇറാഖ് പ്രശ്നത്തിൽ ബുഷ് ഭരണകൂടത്തിന്റെ നിലപാട് ഉപരോധത്തിന്റെ പ്രയാസങ്ങൾ ലഘൂകരിക്കുംവിധം 'ഉപരോധം' ഏർപ്പെടുത്തുക എന്നതായിരുന്നു. ക്ലിന്റനേക്കാൾ മൃദുലമായ നിലപാടാണ് ബുഷ് ഭരണകൂടം സദ്ദാമിന്റെ ഇറാഖിനോട് സ്വീകരിച്ചത്. 9/11 എല്ലാറ്റിനെയും മാറ്റിമറിച്ചു.

▶ *ഇസ്‌ലാമിനും ഇസ്‌ലാമിസ്റ്റുകൾക്കും എതിരെ അമേരിക്ക സ്വീകരിക്കുന്ന തന്ത്രങ്ങൾ മുമ്പ് കമ്യൂണിസത്തോട് സ്വീകരിച്ച തന്ത്രങ്ങളുമായി താരതമ്യപ്പെടുത്താമോ?*

**ഡോ. അസാം അൽ ഇർയാൻ**

മുമ്പ് കമ്യൂണിസമായിരുന്നു ഭീഷണി, ഇന്ന് ഇസ്‌ലാമാണ്. നേരിടുന്ന രീതികളിലും മാറ്റമില്ല - ഒതുക്കുക, യുദ്ധത്തിന് ഇറങ്ങുക പോലുള്ളവതന്നെ. വലിയൊരു വ്യത്യാസമുള്ളത് ഇതാണ്: കമ്യൂണിസം ജൂത-ക്രൈസ്തവതയുടെ ഉൽപന്നവും മനുഷ്യനിർമിത തത്ത്വശാസ്ത്രവുമാണ്. ഇസ്‌ലാം തീർത്തും ഭിന്നമാണ്. അതൊരു ദൈവപ്രോക്ത മതവും വേറിട്ടൊരു സംസ്കാരവുമാണ്. അതിനെ ഉന്മൂലനം ചെയ്യുക വളരെ പ്രയാസകരവുമാണ്. ചരിത്രം അത് തെളിയിച്ചിട്ടുണ്ട്. മറ്റുള്ളവരെ സ്വാധീനിക്കാനുള്ള അതിന്റെ കഴിവും അപാരമാണ്.

▶ *ചോദ്യം ഈജിപ്തുകാരനോടാണ്. നിങ്ങളുടെ സംഘടനയുടെ പേരിൽനിന്ന് പോലും സ്ത്രീകൾ പുറത്താണല്ലോ. 'സഹോദരസംഘ'* (Brotherhood)*ത്തിന് പകരം എന്തുകൊണ്ട് 'സഹോദരിസംഘ'* (Sisterhood)*മായിക്കൂടാ? പുറംലോകത്ത് സ്ഥിതിസമത്വംകൊണ്ട് വരാൻ ഇറങ്ങിപ്പുറപ്പെടുംമുമ്പ് സ്വന്തം വീട്ടിലെകാര്യങ്ങൾ ശരിയാക്കേണ്ടേ?*

**ഡോ. അസാം അൽഇർയാൻ**

മുസ്‌ലിം ബ്രദർഹുഡിനെക്കുറിച്ച് നിങ്ങൾക്കുള്ള വിവരങ്ങൾ ശരിയല്ല. ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിച്ചാൽ (www.ikhwanweb.com) സംഘടനയെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം കിട്ടും. നിയമത്തിന് മുമ്പിലും ദൈവത്തിന് മുമ്പിലും അവകാശബാധ്യതകളിൽ സ്ത്രീപുരുഷന്മാർ തുല്യരാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈജിപ്ത്, ജോർദാൻ, യമൻ, ഫലസ്ത്വീൻ എന്നിവിടങ്ങളിലെല്ലാം ഞങ്ങൾ വനിതാ സ്ഥാനാർഥികളെ രംഗത്തിറക്കുകയുണ്ടായി.

▶ *ഇരുവർക്കും യോജിക്കാവുന്ന പൊതു ഇടങ്ങളൊന്നും ഇല്ലേ. ഭക്ഷണം, സ്പോർട്സ്, ഹോബി, സ്ത്രീ എന്നീ കാര്യങ്ങളിലെങ്കിലും?*

**ഡോ. അസാം അൽ ഇർയാൻ**

വൈവിധ്യങ്ങളെ സ്വീകരിക്കാൻ തയാറാവണമെന്നാണ് എനിക്ക് ഉണർത്താനുള്ളത്. വൈവിധ്യത്തെ അംഗീകരിച്ചുകൊണ്ട് മാത്രമേ യഥാർഥ ജനാധിപത്യം സാധ്യമാവൂ. ഞങ്ങൾ തമ്മിൽ യോജിക്കാവുന്ന മേഖലകളുണ്ട്. ഞങ്ങൾക്ക് കിട്ടിയ ചോദ്യങ്ങൾ അത്തരത്തിലുള്ളതായിരുന്നില്ല എന്നതാണ് പ്രശ്നം. ഞങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ വ്യത്യസ്തമാവാതെ തരമില്ല. കാരണം ഡോ. ജോഷ്വാ മുസ്‌ലിം ലോകത്ത് അമേരിക്കയുടെ നയങ്ങൾ രൂപപ്പെടുത്തുന്ന ബുദ്ധികേന്ദ്രങ്ങളിൽ ഒരാളാണ്. ആ നയങ്ങളാവട്ടെ കപടവും.

ഡോ. ജോഷ്വാ ഈജിപ്ത് സന്ദർശിക്കുമ്പോൾ ഞങ്ങളുടെ ഭക്ഷണം അദ്ദേഹത്തിന് ഇഷ്ടമായേക്കും. അമേരിക്കൻ സന്ദർശനവേളയിൽ അമേരിക്കൻ ഭക്ഷണം എനിക്കും. സ്ത്രീകളെ സംബന്ധിച്ചുള്ള ഞങ്ങളുടെ വീക്ഷണങ്ങൾ തീർത്തും ഭിന്നമാണ്. സ്ത്രീകളെ ഉപഭോഗവസ്തുക്കളായി ഞാൻ കാണുന്നില്ല. അവർ ജീവിതപങ്കാളികളാണ്. ഞാൻ ജയിലിലായിരുന്ന ആറര കൊല്ലം എന്റെ ഭാര്യ മാനസികമായി വല്ലാതെ പ്രയാസപ്പെട്ടു. അങ്ങനെയൊരു അനുഭവത്തിലൂടെ ജോഷ്വായുടെ ഭാര്യ കടന്നുപോവുമോ എന്നെനിക്ക് സംശയമുണ്ട്.

**ഡോ. ജോഷ്വാ മുറാവ്ചിക്**

നിരാശപ്പെടേണ്ടതില്ല. യോജിക്കുന്ന മേഖലകൾ ഉണ്ടാവാതിരിക്കില്ല. എന്നെപ്പോലെയും ഡോ. ഇർയാനെപ്പോലെയുമുള്ള ആളുകൾക്ക് പരസ്പരം ആശയങ്ങൾ കൈമാറാൻ കഴിയുന്നുവെന്നത് പുതിയൊരു അനുഭവമാണ്. ഭൂമിശാസ്ത്രപരമായി ഞങ്ങൾ വ്യത്യസ്ത നാടുകളിൽനിന്നുള്ളവരാണ്. ഞങ്ങളുടെ മാനസികവ്യാപാരങ്ങളും തീർത്തും വ്യത്യസ്തം. നിരാശപ്പെടുന്നതിനുമുമ്പ് ഇതുപോലെ ആശയകൈമാറ്റത്തിന് ഇനിയും നമുക്ക് വേദികൾ ഒരുക്കാം. അങ്ങനെ നമുക്ക് യോജിക്കുന്ന മേഖലകൾ കണ്ടെത്താനും അഭിപ്രായഭിന്നതകൾ കുറച്ചു കൊണ്ടുവരാനും കഴിഞ്ഞേക്കും. ■